**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2493** **14.06.2019 -ൽ മറുപടിക്ക്**

**അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.ബി. സതീഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) സാഹസിക വിനോദസഞ്ചാര മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (കെ.എ.റ്റി.പി.എസ്)-യുടെ കീഴിൽ സാഹസിക ടൂറിസം മാർഗ്ഗ നിർദ്ദേശങ്ങൾ എന്ന പേരിൽ ഗൈഡ് ലൈൻ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നു. ഇതിലൂടെ കേരളത്തിലെ സാഹസിക ടൂറിസം ഓപ്പറേറ്റേഴ്സിന് ഒരു രജിസ്ട്രേഷൻ സമ്പ്രദായം ആരംഭിക്കുവാൻ സാധിക്കും.<br><br>സാഹസിക വിനോദത്തിന് ഉതകുന്ന മേഖലകൾ കൊണ്ട് അനുഗ്രഹിക്കപ്പെട്ട കേരളത്തിലെ അനന്ത സാധ്യതകൾ അന്താരാഷ്ട്ര ശ്രദ്ധയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ, വിവിധ അന്താരാഷ്ട്ര മത്സരങ്ങൾ എല്ലാ വർഷവും സംഘടിപ്പിക്കാറുണ്ട്. ഇന്റർ നാഷണൽ മൗണ്ടൻ ബൈക്ക് ചാലഞ്ച് MTB Kerala, അന്താരാഷ്ട്ര കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ, ഇടുക്കിയിലെ വാഗമണ്ണിൽ അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവൽ എന്നിവ ഇതിൽ ചിലതാണ്. |

കേരളത്തിലെ അഡ്വഞ്ചർ ടൂറിസം മാർക്കറ്റ് ചെയ്യുന്നതിന്റെ ഭാഗമായി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ തലങ്ങളിലുള്ള ട്രാവൽ മാർട്ടുകളിൽ പങ്കാളിത്തം ഉറപ്പ് വരുത്തുന്നുണ്ട്.

| | |
|---|---|
| ബി) അഡ്വഞ്ചർ അക്കാദമിയുടെ ആസ്ഥാനം കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറയിൽ ആരംഭിയ്ക്കുന്നതിനുള്ള നിർദ്ദേശം പരിഗണന യിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) അഡ്വഞ്ചർ അക്കാഡമിയുടെ ആസ്ഥാനം കാട്ടാക്കട മണ്ഡലത്തിലെ ശാസ്താംപാറയിൽ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ഇതിന്റെ സാധ്യതാ പഠനം നടത്തിയതിനുശേഷം ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.